**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1470** **07-02-2023 - ൽ മറുപടിയ്ക്ക്**

**തൊഴിൽ മേഖലയിലെ നൂതന പരിഷ്കരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലാളി ക്ഷേമവും തൊഴിൽ മേഖലയിലെ സുരക്ഷിതത്വവും മുൻനിർത്തി വിവിധ തൊഴിൽ മേഖലകളിൽ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ വിശദമാക്കുമോ; | (എ) | തൊഴിലാളികൾക്കുള്ള ക്ഷേമവുമായി ബന്ധപ്പെട്ട് 16 ക്ഷേമനിധി ബോർഡുകൾ മുഖേന വിവിധ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇപ്രകാരമുള്ള പദ്ധതികളിൽ അംഗങ്ങളാകുന്നവർക്ക് അതത് പദ്ധതികൾ പ്രകാരമുള്ള അർഹതയ്ക്കനുസൃതമായി വിവാഹ ധനസഹായം, പ്രസവാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, ശവസംസ്കാര ചെലവ്, റിട്ടയർമെന്റ് ആനുകൂല്യം, പെൻഷൻ, അധിവർഷാനുകൂല്യം എന്നിവ നൽകി വരുന്നു. |
| (ബി) | ഏതൊക്കെ മേഖലകളിലാണ് മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുള്ളതെന്നും ആയതിന്റെ വിശദാംശവും അറിയിക്കുമോ; | (ബി) | മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 87 തൊഴിൽ മേഖലകളിൽ 84 തൊഴിൽ മേഖലകളുടെ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ആയതിൽ 63 മേഖലകളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുമുണ്ട്. മിനിമം വേതനം പുതുക്കി നിശ്ചയിച്ച മേഖലകളുടെ വിവരം **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | തോട്ടം തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ? | (സി) | തോട്ടം മേഖലയിലെ എല്ലാ ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്കും വീട് നിർമ്മിച്ച് നൽകുക എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ തൊഴിൽ വകുപ്പ് നടത്തിയ പ്രാഥമിക സർവ്വേയിൽ 32452 ഭവനരഹിതരായ തോട്ടം തൊഴിലാളികളെ കണ്ടെത്തുകയും ഇവരെ സർക്കാരിന്റെ ലൈഫ് മിഷൻ ലിസ്റ്റിനൊപ്പം പ്രത്യേക ലിസ്റ്റായി പരിഗണിക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിരുന്നു. തുടർന്ന് ബഹു.തൊഴിൽ, തദ്ദേശ സ്വയംഭരണ, റവന്യൂ വകുപ്പ് മന്ത്രിമാർ പങ്കെടുത്ത 05.10.2021 ലെ മീറ്റിംഗിൽ തൊഴിൽ വകുപ്പ് നടത്തിയ സർവ്വേ വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | സൂക്ഷ്മ പരിശോധന നടത്തുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തുകയുണ്ടായി. 07.01.2022 ന് തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനപ്രകാരം ലൈഫ് മാനദണ്ഡ പ്രകാരം വീട് ലഭ്യമാകുന്നതിനുള്ള അർഹത പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനെയും ലിസ്റ്റ് പരിശോധിക്കുന്നതിന് ലൈഫ് മിഷനെയും ചുമതലപ്പെടുത്തി, ആയതിന്റെ യൂസർ ഐ.ഡി.യും പാസ്‌വേർഡും തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.<br><br>മൂന്നാർ മേഖലയിൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട തോട്ടം തൊഴിലാളികൾക്കുള്ള 9 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ട്. കൂടാതെ ഭവനം പദ്ധതി "ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീം”-ൽ ഉൾപ്പെടുത്തി റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ പുനലൂരിലുള്ള എസ്റ്റേറ്റിൽ 5 ഏക്കർ സ്ഥലത്ത് 412 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിൽ 40 വീടുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചതിൽ 6 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1. അഗ്രികൾച്ചറൽ ഓപ്പറേഷൻസ്
2. അലൂമിനിയം & ടിൻ പ്രോഡക്ട്സ്
3. ആയുർവ്വേദിക്ക്&അലോപതിക്ക് മെഡിസിൻസ്
4. ബീഡി&സിഗാർഇൻഡസ്ട്രീ
5. ബ്ലോക്ക്റബ്ബർ ഫാക്ടറീസ്
6. കെയിൻ & ബാംബൂഇൻഡസ്ട്രീ
7. ക്യാഷൂഇൻഡസ്ട്രീ
8. സിനിമാതീയ്യറ്റർ
9. കമ്പ്യൂട്ടർ സോഫ്റ്റ്വെയർ
10. കൺസ്ട്രക്ക്ഷൻ &മെയിന്റനൻസ് ഓഫ്ഡാംസ്
11. ഡയമൺ കട്ടിംഗ്& പോളിഷിംഗ്
12. ഡൊമസ്റ്റിക്ക്വർക്ക്സ്
13. ഇലക്ട്രോണിക്ക് ഇൻഡസ്ട്രീസ്
14. ഫിഷ് പീലിംഗ്, ഫിഷ്ക്യാനിംഗ്& ഫ്രീസിംഗ്
15. ഫുഡ്പ്രോസസിംഗ്
16. ഫോറസ്റ്റ്സ്
17. ഫർണിച്ചർഇൻഡസ്ട്രീ
18. ഗാർമെന്റ്മേക്കിംഗ്
19. ഗോൾഡ്&സിൽവർഓർണമെന്റ്സ്
20. ഹാന്റി ക്രാഫ്റ്റ്സ്
21. ഹാന്റിലിംഗ് & കെയർഓഫ്എലിഫെന്റ്സ്
22. ഹാന്റ്ലൂം
23. ഹിൽപ്രോഡ്യൂസ് ഇൻഡസ്ട്രീ
24. ഹോസിയറി മാന്യൂഫാക്ച്ചറിംഗ്
25. ഹോസ്റ്റൽസ്
26. ഐസ് ഫാക്ടറീസ്
27. ഖാദി ഇൻഡസ്ട്രി
28. എൽ.പി.ഗ്യാസ്
29. ലൈറ്റ് മോട്ടോർ വെഹിക്കിൾ
30. ലിക്കർ ട്രേഡിംഗ് & വെന്റിംഗ്
31. മാർബിൾ & ഗ്രാനൈറ്റ്
32. മാച്ച് ഇൻഡസ്ട്രി

33. മെക്കനൈസ്ഡ് ഫിഷ് ക്യാച്ചിംഗ്
34. മൈനർ എഞ്ചിനീയറിംഗ്
35. മൈനർ പോർട്ട്സ്
36. ഓയിൽമിൽ
37. പെട്രോൾ പമ്പ്സ്
38. ഫാർമസിസ്റ്റ്സ് ഇൻ മെഡിക്കൽ ഷോപ്പ്സ്
39. പ്ലാന്റേഷൻസ്
40. പ്ലാസിറ്റിക്ക് ഇൻഡസ്ട്രീ
41. പ്രിന്റിംഗ് പ്രസ്
42. പ്രൈവറ്റ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റൂഷൻ
43. പ്രൈവറ്റ്ഹോസ്പ്പിറ്റൽസ്
44. പ്രൈവറ്റ് ടെമ്പിൾസ്
45. റൈസ്മിൽ, ഫ്ളോർമിൽ & ദാൽമിൽ
46. റിവർസാന്റ് കളക്ഷൻ
47. റബ്ബർ ക്രീപ്പ്മിൽസ്
48. റബ്ബർപ്രോഡക്ട്സ് ഇൻഡസ്ട്രീ
49. സെയിൽസ് പ്രമോഷൻ ഓഫ് ഫാർമസ്യൂട്ടിക്കൽസ്
50. സെക്യൂരിറ്റി സർവ്വീസ്
51. ഷോപ്പ്സ്, ഹോട്ടൽ & റെസ്റ്റോറൻസ്
52. സോപ്പ് മാന്യൂഫാക്ചറിംഗ്
53. സ്റ്റോൺ ബ്രേക്കിംഗ്, ക്രഷിംഗ്
54. കൺസ്ട്രക്ക്ഷൻ ഓഫ്റോഡ്സ് & ബിൽഡിംഗ്
55. സ്വീപ്പിംഗ് & ക്ലീനിംഗ്
56. ടാനറീസ് & ലെതർ മാന്യഫാക്ച്ചറിംഗ്
57. ടൈൽ ഇൻഡസ്റ്റി
58. ടിംമ്പർ കട്ടിംഗ്
59. ടോഡി ടാപ്പിംഗ്
60. സ്റ്റാർ ഹോട്ടൽസ്
61. ബ്രൂവറീസ്
62. ഓയിൽപാം
63. കയർ ഇൻഡസ്റ്റി

Anishan

**സെക്ഷൻ ഓഫീസർ**